LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം

103 (3809) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം ഇപ്പോൾ എത്രയാണെന്നും റിട്ടയർമെന്റ് ഒഴിവുകൾ നിലവിൽ എങ്ങനെയാണ് നികത്തുന്നതെന്നും വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ പാരമ്പര്യ തസ്തിക ഒഴികെയുള്ള തസ്തികകളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 65 വയസ്സാണ്. ഇപ്രകാരം വിരമിക്കൽ വഴിയുണ്ടാകുന്ന സ്ഥിരം/താല്കാലിക ഒഴിവുകളിൽ പകരം നിയമനം നടത്തുന്നതിനുള്ള അധികാരം ഹിന്ദുമത ധർമ്മസ്ഥാപന നിയമം 1951 സെക്ഷൻ 48 പ്രകാരം അതാത് ക്ഷേത്രം ഭരണാധികാരികൾക്കാണ്. പാരമ്പര്യ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ, ടി തസ്തികയുടെ പാരമ്പര്യ അവകാശം അനുസരിച്ച് കൈമാറ്റം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. പാരമ്പര്യ/പാരമ്പര്യേതര തസ്തികകളിൽ ട്രസ്റ്റിമാർ നടത്തുന്ന നിയമനങ്ങളിലെ നടപടിക്രമങ്ങളിലെ സുതാര്യത പരിശോധിച്ച് നിയമനം അംഗീകരിക്കുന്ന നടപടി മാത്രമാണ് നിലവിൽ മലബാർ ദേവസ്വം ബോർഡിനുള്ളത്.

ചക്കുളത്തുകാവ് ദേവി ക്ഷേത്രം

104 (3810) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമായ ചക്കുളത്തുകാവ് ദേവിക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രപരിസരം ഒരു ടൗൺഷിപ്പ് ആക്കുന്നതിന് നടപടികളുണ്ടാകുമോ;

&

(സി) ചക്കുളത്തുകാവ് പൊങ്കാലയോടനുബന്ധിച്ച് കൂടുതൽ സൗകര്യങ്ങൾ മുൻകൂട്ടി ഒരുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?